(ജി) എങ്കിൽ എന്തൊക്കെ നടപടികൾ ഇക്കാര്യത്തിൽ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(എച്ച്) ശ്രീ. ലിജുവിനെ റാഗിംഗ് നടത്തിയതു സംബന്ധിച്ച് സർക്കാരിന് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു;

(ഐ) റാഗിംഗ് സംബന്ധിച്ച് പ്രിൻസിപ്പാൾ പോലീസിൽ പരാതി സമർപ്പിച്ചിട്ടില്ലെങ്കിൽ ഇത് കൃത്യവിലോപമായി കാണുന്നുണ്ടോ; എങ്കിൽ അവർക്കെതിരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(ജെ) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പരാതി ലഭിച്ചിട്ടില്ലെന്ന് പ്രിൻസിപ്പാൾ അറിയിച്ചിട്ടുണ്ട്.

(ബി) ബാധകമല്ല.

(സി) ഇല്ല.

(ഡി) ബാധകമല്ല.

(ഇ) ബാധകമല്ല.

(എഫ്) ബാധകമല്ല.

(ജി) ബാധകമല്ല.

(എച്ച്) ഉണ്ട്. ശ്രീ. ലിജു സർക്കാരിന് സമർപ്പിച്ച പരാതിയിൻമേൽ അടിയന്തിരമായി റിപ്പോർട്ട് ലഭ്യമാക്കുവാൻ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ഐ & ജെ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാതിയിൻമേൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

മെഡിക്കൽ, എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ സ്പെഷ്യൽ റിസർവേഷൻ

164 [1459] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ, എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ സ്പെഷ്യൽ റിസർവേഷൻ ഇപ്പോൾ ഏതൊക്കെ വിഭാഗങ്ങൾക്കാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) രാഷ്ട്രപതി സ്കൗട്ട്, ഗൈഡുകൾക്ക് എഞ്ചിനീയറിംഗ് പ്രവേശനത്തിൽ സ്പെഷ്യൽ റിസർവേഷൻ ഏർപ്പെടുത്തിയത് എന്നുമുതലാണ്;

(സി) പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്ക് മെഡിക്കൽ എൻട്രൻസിൽ സ്പെഷ്യൽ റിസർവേഷൻ ഏർപ്പെടുത്താതിരുന്നത് എന്തുകൊണ്ട്;

(ഡി) ഇവർക്കുകൂടി മെഡിക്കൽ എൻട്രൻസിൽ സ്പെഷ്യൽ റിസർവേഷൻ ഏർപ്പെടുത്തുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മെഡിക്കൽ, എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് സ്പെഷ്യൽ റിസർവേഷൻ ഏർപ്പെടുത്തിയിട്ടുള്ളത് താഴെപ്പറയുന്ന വിഭാഗങ്ങൾക്കാണ്:

1. വിമുക്തഭടൻമാർ/ആശ്രിതർ
2. ആക്രമണത്തിൽ മരിച്ചതോ, കാണാതായതോ, അംഗവൈകല്യം സംഭവിച്ചവരോ ആയ പ്രതിരോധ സേനാംഗങ്ങളുടെ മക്കൾക്ക്.
3. സർവീസിലുള്ള ജവാൻമാരുടെ മക്കൾക്ക്.
4. പാരാമിലിട്ടറി ജീവനക്കാരുടെ ആശ്രിതർക്ക്.
5. ആംഗ്ലോ ഇന്ത്യൻ/ജൂതൻ (എം. ബി. ബി. എസ്./ബി. ഡി. എസ്.)
6. എം. ബി. ബി. എസ്./ബി. എച്ച്. എം. എസ്./ഡിപ്ലോമ ഇൻ ഹോമിയോപ്പതി പാസായവർക്ക് ആയുർവേദ ഡിഗ്രി കോഴ്സിന്.
7. ആയുർവേദ ഡിഗ്രി/ഡിപ്ലോമ പാസ്സായവർക്ക് എം. ബി. ബി. എസ്.ന്.
8. ഹോമിയോ ഡിഗ്രി/ഡിപ്ലോമ പാസായവർക്ക് എം. ബി. ബി. എസ്.-ന്.
9. എം. ബി. ബി. എസ്./ബി. എ. എം. എസ്./ബി. വി. എസ്സി. ആന്റ് എ. എച്ച്/ബി. എസ്സി. അഗ്രിക്കൾച്ചർ/ബി. എഫ്. എസ്സി./ബി. എസ്സി. ഫോറസ്ട്രി ബിരുദധാരികൾക്ക് ബി. എച്ച്. എം. എസ്. കോഴ്സിന്.
10. അലോപ്പതി/ഹോമിയോപ്പതി നഴ്സ് കോട്ട (സർവീസിലുള്ളവർക്ക്) (എം. ബി. ബി. എസ്./നഴ്സിംഗ് കോഴ്സുകൾക്ക്).
11. ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ടുമെന്റിന്റെ നോമിനികൾക്ക് (ബി. ഫാമിന്).
12. ഫാർമസി ഡിപ്ലോമയുള്ളവർക്ക് (ബി. ഫാമിന്).

LIBRARY ARCHIVES Kerala Legislative Assembly

13. കേരള സംസ്ഥാന സർവീസിലുള്ള ഫാർമസി ഡിപ്ലോമയുള്ളവർക്ക് (ബി. ഫാമിന്)

14. മെഡിക്കൽ വകുപ്പിലെ മെഡിക്കൽ ലാബറട്ടറി ടെക്നിഷ്യൻമാർക്ക് (ബി. എസ്സി. എം. എൽ. റ്റി.-ക്ക്)

15. ബി. എസ്സി. നഴ്സിംഗ്-പുരുഷൻമാർക്ക്

16. കർഷകരുടെ മക്കൾക്ക് (ബി. എസ്സി. അഗ്രിക്കൾച്ചർ, വെറ്ററിനറി കോഴ്സുകൾക്ക്)

17. ഫാം ലേബറേഴ്സിന്റെ മക്കൾക്ക് (ബി. എസ്സി. അഗ്രികൾച്ചർ)

18. മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നവരുടെ മക്കൾക്ക് (ബി. എഫ്. എസ്സി.-ക്ക്)

19. സ്വതന്ത്ര്യ സമരസേനാനികളുടെ മക്കൾക്ക് (ബി. എസ്സി. അഗ്രികൾച്ചർ)

20. സിലോണിൽനിന്നും ബർമ്മയിൽ നിന്നും മടങ്ങിവന്നവർക്ക് (ബി. എസ്സി. അഗ്രിക്കൾച്ചർ, വെറ്ററിനറി കോഴ്സുകൾക്ക്).

21. കലാതിലകം/കലാപ്രതിഭ/ഇന്റർസ്റ്റേറ്റ് മേഖല-അഖിലേന്ത്യാ മൽസരങ്ങളിൽ ഒന്നാം സമ്മാനം ലഭിച്ചവർ.

22. വില്ലേജ് ഡവ. വർക്കേഴ്സ്, അഗ്രി. ഡമോൺസ്ട്രേറ്റർമാർ, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർ, ഫാം അസിസ്റ്റന്റ് (അഗ്രി.), ഫാം അസിസ്റ്റന്റ് (വെറ്ററിനറി) തുടങ്ങിയവയ്ക്ക് അഗ്രിക്കൾച്ചർ കോഴ്സിന്

23. സ്പോർട്ട്സ് ക്വാട്ട

24. എൻ. സി. സി. ക്വാട്ട.

25. രാഷ്ട്രപതി അവാർഡ് ലഭിച്ച സ്ക്കൗട്ട്സ് ആന്റ് ഗൈഡ്സിന് (എഞ്ചിനീയറിംഗ് കോഴ്സിന്).

(ബി) 2004-ലെ അഡ്മിഷൻ മുതൽ ആണ് റിസർവേഷൻ ഏർപ്പെടുത്തിയിട്ടുള്ളത്.

(സി) മെഡിക്കൽ കോഴ്സുകൾക്കുള്ള സീറ്റുകളുടെ എണ്ണം എഞ്ചിനീയറിംഗ് കോഴ്സുകളെ അപേക്ഷിച്ച് വളരെ കുറവായതിനാൽ.

(ഡി) ഇത് സംബന്ധിച്ച നിവേദനം പരിശോധിച്ചുവരുന്നു.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

[നക്ഷത്രചിഹ്നമിടാത്ത 1336, 1346, 1347, 1350, 1362, 1377, 1379, 1386, 1391, 1392, 1397, 1433, 1435, 1446, 1448, 1450, 1451, 1453, 1463 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ ലഭ്യമായിട്ടില്ല.]

2/196/2013—25.

LIBRARY ARCHIVES Kerala Legislative Assembly